# കേരള കാർഷിക സർവകലാശാല വാർത്തകൾ
## (ജൂൺ 17 – 23, 2022)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651
E-mail: ccmannuthy@kau.in, Phone: 0487-2370773)

**No. C3/4/2022 – 25** **Dtd.** 16/06/2022

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

തിരുവാതിര ഞാറ്റുവേല നടീലിന് ഏറ്റവും യോജിച്ച സമയമാണ്. വേരുപിടിപ്പിച്ച കുരുമുളകു വള്ളികൾ, തെങ്ങിൻ തൈകൾ, കൊക്കോ, കശുമാവ്, മറ്റ് ഫല വൃക്ഷത്തൈകൾ, എല്ലാം തന്നെ ഈ സമയത്ത് നടാം. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മാത്രമെ ഉപയോഗിക്കാവൂ. നീർവാർച്ച ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

വിരിപ്പുകൃഷിക്കായുള്ള ഞാറ് 4–5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഉണ്ടാവുന്നത് കുറയ്ക്കാൻ കഴിയും. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി ലായനി ഉണ്ടാക്കാം. നടീൽ കഴിഞ്ഞ പാടങ്ങളിൽ ചിനപ്പു പൊട്ടുന്നതു മുതൽ അടിക്കണ പ്രായം വരെ പോളകരിച്ചിൽ രോഗത്തിനുള്ള സാദ്ധ്യതയുണ്ട്. നൈട്രജൻ വളങ്ങളുടെ അമിതമായ ഉപയോഗവും, പൊട്ടാഷ് വളങ്ങളുടെ കുറവും ഈ രോഗത്തിന്റെ തീവ്രത കൂട്ടും. നെൽച്ചെടിയുടെ പുറം പോളകളിൽ പൊള്ളിയതു പോലുള്ള പാടുകൾ കാണുന്നതാണ് പ്രാരംഭ ലക്ഷണം. തുടർന്ന് ഇത് മുകളിലേക്ക് വ്യാപിച്ച് നെല്ലോലകൾ അഴുകി പോകുന്നതിന് ഇടയാകും. കുമിൾബാധ മൂലമുണ്ടാകുന്ന ഈ രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലായി സ്യൂഡോമോണാസ് എന്ന ബാക്ടീരിയപ്പൊടി 1 കിലോഗ്രാം, 20 കിലോ ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോ മണലുമായി ചേർത്ത് ഒരേക്കർ സ്ഥലത്തേയ്ക്ക് വിതറി കൊടുക്കുക.

ചെന്നീരൊലിപ്പ്, കൂമ്പു ചീയൽ എന്നിവ തെങ്ങിനെ ബാധിക്കുന്ന കുമിൾ രോഗങ്ങളാണ്. ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങിന് 5 കിലോഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ചേർക്കണം. കറ ഒലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി ഉരുക്കിയ ടാറോ, ബോർഡോ കുഴമ്പോ തേയ്ക്കുക. കാറ്റു വീഴ്ച്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ കൂമ്പുചീയൽ രോഗവും സാധാരണ കാണാറുണ്ട്. നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുക. പിന്നീട് ബോർഡോ കുഴമ്പ് പുരട്ടി വെള്ളം ഇറങ്ങാത്തവിധം മൺചട്ടികൊണ്ട് മൂടിവയ്ക്കുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തെങ്ങോലകളിൽ തളിച്ചു കൊടുക്കുകയും വേണം. വർഷത്തിൽ 10 തേങ്ങയിലും കുറവു ലഭിക്കുന്ന തെങ്ങുകളും സാരമായ രോഗബാധയുള്ള തെങ്ങുകളും വെട്ടിമാറ്റി നശിപ്പിച്ചതിനു ശേഷം രോഗപ്രതിരോധശേഷിയും അത്യുല്പാദനശേഷിയുമുള്ള ഇനങ്ങളുടെ തൈകൾ നടണം. ഈ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ 5 ഗ്രാം/ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.

മഴക്കാലത്ത് വാഴക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ തോട്ടത്തിൽ ചാലുകൾ കീറി നീർവാർച്ചയ്ക്കുള്ള സൗകര്യമുണ്ടാക്കണം. വാഴത്തോട്ടത്തിലെ കളകൾ നീക്കം ചെയ്ത് കട ചെത്തി കൂട്ടണം. വാഴകളിൽ കാണപ്പെടുന്ന ഇലപ്പുള്ളിരോഗം നിയന്ത്രിക്കാനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം സാൻഡോവിറ്റ് എന്ന പശ രണ്ട് മില്ലി ഒരു ലിറ്ററിലേക്ക് എന്ന തോതിൽ കൂട്ടിച്ചേർത്ത് തളിക്കണം. മാത്രമല്ല, മരുന്ന് തളിക്കുമ്പോൾ ഇലയുടെ രണ്ട് വശത്തും വീഴുന്നുണ്ട് എന്ന് ഉറപ്പാക്കുകയും വേണം. അല്ലെങ്കിൽ സ്യൂഡോമോണാസ് എന്ന ബാക്ടീരിയ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുന്നതും ഈ രോഗം വരാതിരിക്കാനും നിയന്ത്രിക്കാനും നല്ലതാണ്.

കമുകിൻ തോട്ടത്തിലെ നീർവാർച്ച ഉറപ്പാക്കണം. കമുകിൻ തോപ്പുകളിൽ വളരെ വ്യാപകമായി കണ്ടു വരുന്ന ഒന്നാണ് മഞ്ഞളിപ്പ്. ഇതിന്റെ കാരണങ്ങൾ നിരവധിയാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് മണ്ണിന്റെ നീർവാർച്ച. ഇടച്ചാലുകളുടെ ആഴം രണ്ടടിയിലും കുറയരുത്. മരമൊന്നിന് 500 ഗ്രാം വീതം കുമ്മായം തടത്തിൽ വിതറി കൊത്തിച്ചേർക്കണം. പുളിരസം, വെള്ളക്കെട്ട് എന്നിവ തടയുകയും ചിട്ടയായി വളം ചേർക്കുകയും ചെയ്താൽ ചെടിയുടെ ആരോഗ്യം മെച്ചപ്പെടുകയും, മഞ്ഞളിപ്പ് കുറയുകയും ചെയ്യും. ഒട്ടുജാതി, വാഴ, തീറ്റപ്പുല്ല്, ഇഞ്ചി, മഞ്ഞൾ എന്നിവ കമുകിൻ തോട്ടത്തിൽ ഇടവിളയായി കൃഷി ചെയ്താൽ ആദായം കൂടും.

അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ട് കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.

തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. രോഗബാധ രൂക്ഷമായാൽ മാങ്കോസെബ് 3 ഗ്രാം അല്ലെങ്കിൽ സൈമോക്സാനിൽ 8% + മാങ്കോസെബ് 64% 3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം.

സ്യൂഡോമോണാസ് മണ്ണുത്തിയിലുള്ള സെയിൽസ് സെന്ററിലും വെള്ളാനിക്കരയിലുള്ള സെൻട്രൽ നേഴ്സറിയിലും ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റിലും ലഭ്യമാണ്.

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**